

# SSLC MARCH 2026, ANNUAL EXAMINATION

**ANSWER KEY:SURESH AREEKODE.**
**PH:9562521509.sbtckr@gmail.com**

| | | |
|---|---|---|
| 1. | ഗുണങ്ങൾ ദോഷമായി തീരുന്നു | 1 |
| 2 | നവമാധ്യമങ്ങളിലെ സജീവമായ ഇടപെടലുകൾ | 1 |
| 3 | [C.] i ഉം iii ഉം iv ഉം ശരിയാണ് | 1 |
| 4 | മനസ്സുകൊണ്ട് എല്ലാം കാണാൻ കഴിയും | 1 |
| 5 | • പേന (അറിവ്),പടവാൾ (കരുത്ത്),ശാസ്ത്രം,ഉദാത്തമായ വികാരങ്ങൾ എന്നിവയേന്തിയാണ് മനുഷ്യൻ പ്രയാണം തുടരുന്നത്.<br>• പേന സർഗാത്മകതയെയും ബുദ്ധിയേയും പ്രതിനിധീകരിക്കുമ്പോൾ പടവാൾ ശക്തിയെയും പോരാടുവാൻ ഉള്ള കഴിവിനെയും സൂചിപ്പിക്കുന്നു<br>• ശാസ്ത്രം ഭൗതികമായ നേട്ടം പ്രദാനം ചെയ്യുമ്പോൾ പ്രേമം മനുഷ്യനെ സാംസ്കാരികമായി വളർത്തുന്നു | 3 |
| 6. | • കപട പരിസ്ഥിതി സ്നേഹം - മരങ്ങളോടും മലകളോടും മമതയില്ലാത്ത മനുഷ്യൻറെ മനോഭാവം -പ്രകൃതിയെ ഡിജിറ്റൽ ഡാറ്റ ആക്കി അതിൽ ആനന്ദം കണ്ടെത്തൽ<br>• ഗോത്രസംസ്കൃതിയെ പാർശ്വീകരിക്കുന്ന പ്രവണത - ഡിജിറ്റൽ ഡാറ്റ ആക്കി മാറ്റുന്ന സ്വഭാവം- ഡിജിറ്റൽ പാർശ്വീകരണം<br>• കച്ചവട താൽപര്യങ്ങൾ- പ്രകൃതിയോടിണങ്ങി ലളിത ജീവിതം നയിക്കുന്ന, കൃഷി ഉപജീവനമായി കാണുന്ന കുറുമരേയും കുറിച്യരേയും ജിബി കണക്കിന് അളക്കുന്ന മനുഷ്യത്വരഹിത മനോഭാവം | 3 |
| 7 | • പെൺകുട്ടിയുടെ മാനസിക അവസ്ഥ അവതരിപ്പിക്കുന്നതിന് ഉചിതമായ വരികളാണ് - ആമ്പൽ പൂവിൻറെ അവസ്ഥയും പെൺകുട്ടിയുടെ അവസ്ഥയും തമ്മിലുള്ള ബന്ധം/സമാനത<br>• ആതിയിലെ ആമ്പൽ കുളത്തിലെ വെള്ളം കലങ്ങിയിരിക്കുന്നതിൽ സങ്കടപ്പെട്ടിരിക്കുന്ന പെൺകുട്ടിയെയാണ് നൂർമുഹമ്മദ് കാണുന്നത്<br>• ബുദ്ധകഥയുടെ പാതിയിൽ പെൺകുട്ടി മൃദുലമായി തേങ്ങുന്നുണ്ട് - കഥാന്ത്യത്തിൽ നൂർമുഹമ്മദിന്റെ നിർദ്ദേശപ്രകാരം കണ്ണടച്ചിരുന്ന് പ്രകൃതി ദർശിക്കുന്നു.<br>• ആ കാത്തിരിപ്പിനും നിശബ്ദതക്കും ഒടുവിൽ സ്ഫടികമണികൾ പോലെ ചിന്നി ചിതറുന്ന തെളിനീർ കണ്ട് അവൾ ആനന്ദം കണ്ടെത്തുന്നു.<br>**അല്ലെങ്കിൽ**<br>B.രണ്ടു വാക്യത്തിലും **പോയി** എന്ന പദം ഒരേ അർത്ഥത്തിൽ അല്ല പ്രയോഗിച്ചിരിക്കുന്നത്.<br>• അയാൾ വെറുതെ ഒന്ന് ഞെട്ടിപ്പോയി- എന്ന ആദ്യ വാക്യത്തിൽ ***പോയി*** എന്നത് അനുപ്രയോഗമാണ്. /ഞെട്ടി എന്ന ക്രിയയ്ക്ക് ഒരു സവിശേഷാർത്ഥം നൽകുന്നതിനായി | 3 |

SURESH AREEKODE

| | | |
|---|---|---|
| | ഉപയോഗിച്ചിരിക്കുന്നു.<br>• അയാൾ കളിക്കാൻ <u>പോയി</u> - എന്ന രണ്ടാം വാക്യത്തിൽ ***പോയി*** എന്നത് ക്രിയ/കേവലക്രിയ ആണ്. | |
| 8. | • തേൻ- അച്ഛനും മകനും തമ്മിലുള്ള ഊഷ്മള ബന്ധത്തിൻറെ കഥ പറയുന്ന സിനിമ<br>• അന്തർമുഖനായ യൂസഫിന് സ്കൂളിൽ കൂട്ടുകാരുണ്ടായിരുന്നില്ല -സുഹൃത്തും സഹചാരിയും അച്ഛനായിരുന്നു<br>• സംസാരത്തിൽ വിക്ക് ഉണ്ടായിരുന്ന യൂസഫിനെ കേൾക്കാൻ സമയം കണ്ടെത്തിയ പിതാവ്-മന്ത്രണം പോലെ പതുക്കെ സംസാരിക്കുന്ന അച്ഛൻ<br>• 'ഈ ലോകത്തിൽ അവനെ തിരിച്ചറിഞ്ഞ ഒരാളെയുള്ളൂ അത് അവൻറെ അച്ഛനാണ്'<br>• കാട്ടിലേക്കുള്ള യാത്രയിൽ മകനെ കൂടെ കൂട്ടുന്നു -പ്രകൃതിയെ അവന് പരിചയപ്പെടുത്തുന്നു<br>• അമ്മയുടെ വഴക്കിൽ നിന്ന് യൂസഫിനെ പലപ്പോഴും രക്ഷിക്കുന്നത് അച്ഛനാണ്<br>• കാട്ടിൽ വച്ച് അച്ഛനുണ്ടാകുന്ന അപസ്മാര ബാധ- ഒറ്റയ്ക്ക് കുട്ടിയിരിക്കുന്ന മകൻ<br>• കാട്ടിലേക്ക് പോയ അച്ഛൻ തിരിച്ചു വരാത്തതിനുള്ള കാത്തിരിപ്പ് മകൻറെ അന്വേഷണം<br>• സാധാരണക്കാരനായ നിഷ്കളങ്കബാലന്റെ പ്രതികരണങ്ങൾ.<br>• സാധാരണക്കാരന്റെ മനസ്സിൽ രക്തബന്ധത്തിന്റെ ഊഷ്മളത പകർന്നു നൽകുന്ന കഥാപാത്രങ്ങൾ | 5 |
| 9. | • ***തന്നിരിക്കുന്ന കവിതാ ഭാഗങ്ങളിലെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. താരതമ്യം ചെയ്തിട്ടുണ്ട്.***<br>• കർണ്ണ സുഖം- കേൾക്കുമ്പോൾ സുഖിക്കുന്നത് പറയാൻ ഇഷ്ടപ്പെടാത്ത കഥാപാത്രം.<br>• സ്ഥാനമാനങ്ങൾക്ക് വേണ്ടി ആദർശം ബലി കഴിക്കാത്ത വ്യക്തിത്വം ആയിരുന്നു കർണ്ണൻ.<br>• കർണന്റെ ജീവിത വീക്ഷണമാണ് എഴുത്തച്ഛൻ ഈ വരികളിലൂടെ അവതരിപ്പിക്കുന്നത് - ധർമനിഷ്ഠ, ആത്മാർത്ഥ, സത്യസന്ധത എന്നീ മൂല്യങ്ങളിൽ അടിയുറച്ച കഥാപാത്രമാണ് കർണ്ണൻ.<br>➢ ആരെയെങ്കിലും നിസ്സാരരായി കാണാനോ ആരെയെങ്കിലും ഇഷ്ടമുള്ളത് പറഞ്ഞ് സുഖിപ്പിക്കാനോ ഭാവമില്ല എന്നാണ് കുഞ്ചൻ നമ്പ്യാർ പറയുന്നത് .<br>➢ മുഖസ്തുതി പറയുന്നില്ല അതേ സമയം ഇകൾത്തി പറയാനും താൻ ഒരുക്കമല്ല എന്ന കാഴ്ചപ്പാട് തന്നെയാണ് കുഞ്ചൻ നമ്പ്യാരും ഈ വരികളിലൂടെ അവതരിപ്പിക്കുന്നത് | 5 |
| 10 | • റസിഡണ്ട് എഡിറ്റർ -വി.കെ.എൻ - പത്രമാധ്യമ രംഗത്തെ ദുഷ്പ്രവണതകളെ ആക്ഷേപഹാസ്യരൂപത്തിൽ അവതരിപ്പിക്കുന്ന കഥ<br>• സ്ഥാനമാനങ്ങളോടുള്ള വെങ്കിടേശ്വര അയ്യങ്കാറിന്റെ ആർത്തി<br>• പത്രസ്വാമി -ഏകാധിപതികളായ പത്രസ്ഥാപന മേധാവികളെ പ്രതിനിധീകരിക്കുന്നു.<br>• അനർഹരായവർക്ക് ഉയർന്ന പദവികൾ നൽകുന്നു .<br>• മാധ്യമ ധർമ്മങ്ങളിൽ നിന്ന് അകലുന്ന പത്രമാധ്യമ രംഗത്തെ പ്രവണതയെ വിമർശിക്കുന്നു.<br>• അധികാരസ്ഥാനങ്ങൾക്ക് വേണ്ടി എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാറാവുന്ന മനോഭാവങ്ങളെ പരിഹസിക്കുന്നു. | 5 |
| 11. | A. മണ്ണിനോടും പ്രകൃതിയോടും മനുഷ്യൻ പുലർത്തുന്ന വ്യത്യസ്തമായ സമീപനങ്ങൾ | 5 |

SURESHAREEKODE

അവതരിപ്പിക്കുന്ന കഥ -മണ്ണും മനുഷ്യനും

- ഭൂമിയും മനുഷ്യനും തമ്മിലുള്ള ജൈവപരമായ ബന്ധം അന്യമാകുന്നതിന്റെ ചിത്രം ഹൃദ്യമായി ആവിഷ്കരിക്കുന്നു
- പ്രകൃതിയുമായി ആത്മബന്ധം സൂക്ഷിക്കുന്ന **കഥാനായകൻ.**
- നഗരങ്ങളിലെ ബഹളങ്ങളിൽ നിന്നും മാറി പ്രകൃതിയോട് ചേർന്ന് മനസ്സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നു.
- **കെ.യു.നായർ** -പ്രകൃതിയെ വെറുക്കുന്ന മണ്ണിനെ അവഗണിക്കുന്ന ആധുനിക മനുഷ്യൻറെ പ്രതിനിധിയായി കടന്നു വരുന്നു.
- മണ്ണിനെ നികൃഷ്ടമായി കാണുന്നു .
- ബംഗ്ലാവ്പണിയുന്നതിനായി മരങ്ങൾ മുറിച്ചു മാറ്റുന്നു.
- മണ്ണ് അലോസരമാകുന്നു -മുറ്റം ടൈൽ പാകി വൃത്തിയാക്കുന്നു.
- പ്രകൃതിയെയും കുടുംബബന്ധങ്ങളെയും അവഗണിച്ച് ഭൗതിക സമ്പത്തിന് പിന്നാലെ പോകുന്ന മനുഷ്യരുടെ പ്രതിനിധി.
- പ്രകൃതിയെ സ്നേഹിക്കുന്നവർ സ്വയം സമാധാനം കണ്ടെത്തുന്നതും-പ്രകൃതിയെയും മണ്ണിനെയും വെറുക്കുന്നവർ ഒറ്റപ്പെട്ടു പോകുന്നതുമായ കഥാന്ത്യം.
- പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കഥാകൃത്തും പ്രകൃതിയെ വെറും ഉപഭോഗവസ്തുവായി കണ്ട് നശിപ്പിക്കുന്ന കെ.യു.നായരും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെ ഈ കഥ സുസ്ഥിരവികസനത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു.
- ഈ രീതിയിൽ 'മണ്ണും മനുഷ്യനും' എന്ന ശീർഷകം ഔചിത്യ പൂർണമാകുന്നു

**അല്ലെങ്കിൽ**

B.ഈ നിരീക്ഷണത്തോട് യോജിക്കുന്നു

- കഥാപാത്രങ്ങളുടെ ആന്തരിക സംഘർഷങ്ങളെയും ജീവിതാനുഭവങ്ങളെയും ആഴത്തിൽ അനുഭവവേദ്യമാക്കാൻ ഇത്തരം പ്രയോഗങ്ങൾക്ക് കഴിയുന്നുണ്ട്
- തന്നിരിക്കുന്ന വരികളുടെ ***സന്ദർഭവും പശ്ചാത്തലവും*** സൂചിപ്പിച്ചിട്ടുണ്ട്
- ഉണ്ണികൃഷ്ണൻ പൂത്തൂരിന്റെ **മുരിങ്ങാമരത്തോപ്പ്** എന്ന കഥയിലെ ആഖ്യാനശൈലിയിലെ ശ്രദ്ധേയമായ പ്രയോഗങ്ങൾ- **പൊള്ളുന്ന മനസ്സ് ,സ്വാന്തനത്തിന്റെ കുളിർക്കാറ്റ് ,കഥാപാത്ര മാനസികാവസ്ഥ പ്രകൃതിയുമായി ചേർത്ത് ബന്ധിപ്പിച്ചിരിക്കുന്നത് (*ഇരുൾമൂടിയ സന്ധ്യ മുരിങ്ങാ മരത്തോപ്പുകളെയും പുന്നമരക്കൂട്ടങ്ങളെയുംതന്നിൽ* നിന്ന് അകറ്റുകയാണെന്ന ബോധം അവനെ അസ്വസ്ഥനാക്കി. തുടങ്ങിയവ)**
- കഥയിലെ കഥാപാത്രത്തിന്റെ മാനസികവ്യാപാരങ്ങൾ ഹൃദ്യമായ രീതിയിൽ അവതരിപ്പിക്കാൻ ഇത്തരം പ്രയോഗങ്ങൾ സഹായിക്കുന്നുണ്ട്

12. A .*ഉപന്യാസഘടന പാലിച്ചിട്ടുണ്ട്* — 7

- *തലക്കെട്ട്*
- ***ഉചിതമായ ആമുഖം***
- ***ഉള്ളടക്കം***
- ***വിഷയമായി ബന്ധപ്പെട്ട ഉപസംഹാരം.***
- തന്നിരിക്കുന്ന ഭാഗത്തിലെ വരികളിലെ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- **ഗാന്ധിജിയുടെ** വാക്കുകളുമായി ബന്ധപ്പെട്ട ആശയം- ഭാഷ അധിനിവേശവും അനന്തരഫലങ്ങളും

SURESHAREEKODE

- **പ്രകാശ് രാജിന്റെ** നിരീക്ഷണത്തിന്റെ പ്രാധാന്യം -വിദ്യാഭ്യാസ രംഗത്ത് മാതൃഭാഷ അവഗണന നേരിടുന്നതിന്റെ സൂചനകൾ
- **കാർട്ടൂൺ ആശയം-** പരിഹാസം വ്യക്തമാക്കിയിട്ടുണ്ട് .പ്രകടനപരത കപടമായ ഭാഷാ സ്നേഹം എന്നിവ ഉൾക്കൊള്ളുന്നത് ആണ് കാർട്ടൂൺ
- **മാതൃഭാഷാ ദിന പ്രസംഗത്തിലെ പൊള്ളത്തരങ്ങൾ** -ആ ഒരു ദിനം പ്രാധാന്യം പ്രസംഗത്തിൽ മാത്രം ഒതുങ്ങുന്ന അവസ്ഥ
- മാതൃഭാഷാ സംരക്ഷണത്തിന്റെ പ്രാധാന്യം.വള്ളത്തോളിൻറ വരികൾ മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന്നു പെറ്റമ്മതൻ ഭാഷ താൻ.

- **പ്രകാശ് രാജിന്റെ :** മാതൃഭാഷ ഉള്ളിലൊഴുകുന്ന ജീവനദി ആയി കാണേണ്ടതിന്റെ പ്രാധാന്യം.
- ***സ്വന്തം നിരീക്ഷണങ്ങൾ-*** മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ
- ഭാഷ ഒരു സംസ്കാരമാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത.
- ഒരു വിജ്ഞാന ഭാഷയായി മാതൃഭാഷയെ വളർത്തിയെടുക്കേണ്ടതിന്റെ പ്രസക്തി ഉൾക്കൊണ്ടുകൊണ്ടുള്ള അവതരണം

*അല്ലെങ്കിൽ*

*B. തലക്കെട്ട്*

- ***കവി, കവിത പരിചയം***
- ***പ്രധാന ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്***
- ***ആസ്വാദനാംശങ്ങൾ ചേർത്തിട്ടുണ്ട് [ഇഷ്ടപ്പെട്ട വരികൾ, പ്രയോഗങ്ങൾ, അലങ്കാര ഭംഗി]***
- ***ലളിതമായ ഭാഷയിലുള്ള അവതരണം***
- ***സമാന കവിതകൾ, കഥകളുമായുള്ള ബന്ധം കണ്ടെത്തി എഴുതിയിട്ടുണ്ട്***
- ***ആനുകാലിക പ്രസക്തി കണ്ടെത്തിയിട്ടുണ്ട്***
- പ്രകൃതിഭംഗി മനുഷ്യ ജീവിതവീക്ഷണം എന്നിവ മനോഹരമായി സമന്വയിപ്പിക്കുന്ന കവിത
- കവിതയിൽ ഉദാഹരണങ്ങൾ കണ്ടെത്തി*യിട്ടുണ്ട്*
- 'കൂടും കിളിയും'പ്രകൃതിയെ കൂടായും മനുഷ്യരെ കിളികളായും സങ്കൽപ്പിക്കുന്ന മനോഹരമായ കൽപ്പനകൾ
- പ്രകൃതി നൽകുന്ന സംരക്ഷണവും പാരിസ്ഥിതികമായ സന്തുലിതാവസ്ഥയും പ്രകൃതിയോട് ഇണങ്ങിയ ലളിത ജീവിതം നൽകുന്ന യഥാർത്ഥ സന്തോഷം അഥവാ ആനന്ദം

***VISIT MY YOUTUBE:mukulam malayalam for PDF NOTES ,VIDEO LESSONS ,PREVIOUS EXAM QUESTION DETAILED ANSWER KEY.PH:9562521509***

SURESH AREEKODE